(ബി & സി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

സപ്ലീസ് സംയോജനം

*538. (പ്രൊഫ) സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) കൊച്ചിയിലേയും തിരുവിതാംകൂറിലേയും സപ്ലീസ് സംയോജിപ്പിക്കുവാനുള്ള സംരംഭം ഇപ്പോൾ ഏതു നിലയിലിരിക്കുന്നു ;

(ബി) എന്നുമുതൽ സപ്ലീസ് സംയോജനം നടപ്പിൽ വരുമെന്ന് പ്രതീക്ഷിക്കാം ;

(സി) സംയോജനം നടപ്പിലാകുമ്പോൾ ഒരേ ഉദ്യോഗത്തിനു് വ്യത്യസ്തമായ ശമ്പളവും അലവൻസും നിലവിലിരിക്കുന്നതു കൂടി ഇല്ലാതെയാകുന്നതാണോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ) :

(എ) അതു സംബന്ധിച്ചുള്ള ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) പൂർത്തിയാകുന്നതോടുകൂടി.

(സി) ഐകരൂപ്യമില്ലാത്ത ശമ്പളവും അലവൻസും നടപ്പിലാക്കണമെന്നാണുദ്ദേശിക്കുന്നതു്.

പഞ്ചായത്തു തിരഞ്ഞെടുപ്പ്

*539. (പ്രൊ) ശ്രീ. പിലിപ്പോസ് മുതലാളി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) പുതിയ പഞ്ചായത്തു് ആക്ടനുസരിച്ചുള്ള തിരഞ്ഞെടുപ്പുകൾ ദീർഘിപ്പിക്കുന്നതിനു് വല്ല വിശേഷാൽ കാരണവുമുണ്ടോ ; ഉണ്ടെങ്കിൽ അതു വെളിപ്പെടുത്തുമോ ;

(ബി) പഞ്ചായത്തു തിരഞ്ഞെടുപ്പുകൾ എത്ര മാസത്തിനകം നടത്താമെന്നു് ഗവൺമെണ്ടു് ഉദ്ദേശിക്കുന്നു?

വിദ്യാഭ്യാസവും, ആരോഗ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) ഇല്ല.

(ബി) 8 മാസത്തിനകം നടത്താമെന്നാണു് ഉദ്ദേശിക്കുന്നതു്.

FOOD SUBSIDY

*538. [24] **Sri. Paul Thaliath:** Will the Hon'ble Chief Minister be pleased to state.—

(*a*) whether it is a fact that the Government of India have reduced the food subsidy to the State;

(*b*) if so, whether any representation has been made not to reduce the subsidy;

(*c*) if so, the result of the representation;

(*d*) the amount of subsidy received by this State in 1949 and 1950 respectively; and

(*e*) the amount expected to be received in 1951?

LIBRARY ARCHIVES Kerala Legislative Assembly